## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം **നം.2634** — **17.06.2019 -ൽ മറുപടിയ്ക്ക്**

## വനമേഖലയിലെ മരങ്ങൾ മുറിച്ച് നീക്കുവാൻ സാദ്ധ്യതാപഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കുവാൻ സാദ്ധ്യതാപഠനം നടത്തുന്നുണ്ടോ; | (എ) വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും ഉൾപ്പെടുന്ന സംരക്ഷിത വനമേഖലകളിലെ തേക്ക് ഉൾപ്പെടെയുളള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് സാദ്ധ്യതാപഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 10.05.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.168/2019/വനം പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1. ശ്രീ. അൻജൻ കുമാർ, ഐ. എഫ്. എസ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്), പാലക്കാട് - ചെയർമാൻ.<br>2. ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി) - മെമ്പർ<br>3. ഡോ. പി. ബാലകൃഷ്ണൻ (ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) - മെമ്പർ<br>4. ഡോ. പി. ഒ. നമീർ ( പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്) - മെമ്പർ<br>5. ശ്രീ. ജയിംസ് സക്കറിയ (റിട്ട. |

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ) - മെമ്പർ

| | |
|---|---|
| (സി) വന്യമൃഗ സങ്കേതങ്ങളിലും (സി) ദേശീയോദ്യാനങ്ങളിലും മരം മുറിക്കരുതെന്നും വീണു കിടക്കുന്ന മരം പോലും എടുക്കാൻ പാടില്ലെന്നും കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുള്ളപ്പോൾ ഇത്തര മൊരു പഠനം നടത്തുവാനുള്ള തീരുമാനം ഏത് സാഹചര്യ ത്തിലാണ് ഉണ്ടായതെന്ന് അറിയിക്കുമോ? | 1972 ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരവും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവുകൾ പ്രകാരവും സംരക്ഷിത വനമേഖലകളിൽ നിന്നും മരങ്ങൾ മുറിക്കുന്നതിനും, വീണു കിടക്കുന്ന മരങ്ങൾ പോലും ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഉണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം, കേരളത്തിലെ വനങ്ങളിൽ സംരക്ഷണ പ്രാധാന്യം അർഹിക്കുന്ന മേഖലകൾ സംരക്ഷിത വനമേഖലകളായി പ്രഖ്യാപിച്ചപ്പോൾ അവിടെ നിലനിന്നിരുന്ന തോട്ടങ്ങളിലെ മരങ്ങൾ മുറിക്കുവാൻ സാധിക്കുന്നില്ല. ഇതു കാരണം സംസ്ഥാനത്തിന് വലിയ റവന്യൂ വരുമാനം നേടിത്തരാവുന്ന തേക്ക് മരങ്ങൾ നിഷ്ക്രിയ ആസ്തിയായി നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.<br><br>വന്യമൃഗ സങ്കേതങ്ങളിലും, ദേശീയോദ്യാന ങ്ങളിലും നിലവിലുള്ള പ്ലാന്റേഷനുകളിലെ മരങ്ങൾ ഓരോ വർഷവും ചെറിയ ഒരു ശതമാനം വീതം മുറിച്ച് വിൽക്കാനും പകരം പ്രസ്തുത പ്രദേശം സ്വാഭാവിക വനമാക്കി മാറ്റാനും കഴിഞ്ഞാൽ വനത്തിനുള്ളിലെ ജല ലഭ്യത ഉറപ്പുവരുത്താനും മൃഗങ്ങൾക്ക് കൂടുതൽ ഭക്ഷണം ലഭ്യമാക്കുന്നതിനും തടി ഇറക്കുമതി കുറയ്ക്കാനും നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് നേട്ടമുണ്ടാക്കാനും വർദ്ധിച്ചുവരുന്ന മനുഷ്യ - |

വന്യജീവി സംഘർഷം കുറയ്ക്കാനും സാധിക്കും. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിച്ച് വിഷയത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി നിലവിലെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സാധിച്ചാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ഈ സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള ഒരു പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. പറമ്പിക്കുളം കടുവ സങ്കേതം ഏതാണ്ട് മുഴുവനായും തേക്ക് മരങ്ങൾ മാത്രമെ ഉള്ളൂ എന്ന് കഴിഞ്ഞ വർഷം പറമ്പിക്കുളം കടുവ സങ്കേതം സന്ദർശിച്ച ബഹു. നിയമസഭാ സാമാജികർ നേരിൽ കണ്ടു മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവർ ഇപ്രകാരം ഒരു നിർദ്ദേശം മുന്നോട്ടു വച്ചിരുന്നു. അതുകൂടി പരിഗണിച്ചാണ് സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുത്തത്.

സെക്ഷൻ ഓഫീസർ